## ബംഗാൾ (ഇന്ത്യൻ) കടുവ - അടിസ്ഥാന വിവരങ്ങൾ

**നീളം:** 2.5-3 മീറ്റർ

**തൂക്കം:** 125-250 കിലോഗ്രാം

**എണ്ണം:** 1165-1657 (1411*)

**ജീവിതദൈർഘ്യം (വനത്തിൽ):** ഏകദേശം 10-16 വർഷം

**പ്രധാന ഇര:** പുള്ളിമാൻ, മ്ലാവ്, കാട്ടുപോത്ത്, കാട്ടുപന്നി

**പൂർണ്ണ വളർച്ച:** 3-4 വർഷം (പെണ്ണ്), 4-5 വർഷം (ആണ്)

**പ്രസവകാലം:** 105-112 ദിവസം

**പ്രസ്തുത അവസ്ഥ:** വംശനാശ ഭീഷണി നേരിടുന്നു.

**പ്രാധാന്യം:** ലോകത്തിലെ കടുവകളുടെ എണ്ണത്തിൽ ഏകദേശം പകുതിയും ഇന്ത്യയിലാണ്.



** WII & NTCA, ഭാരതസർക്കാർ (2008) നടത്തിയ കണക്കെടുപ്പു പ്രകാരം*


**ഫോട്ടോ ക്രെഡിറ്റ്സ്:** സമീർ സിൻഹ IFS/TRAFFIC-India, സന്തോഷ് സാലിഗ്രാം, അമീൻ അഹമ്മദ്/ ഡബ്ല്യു.ഡബ്ല്യു.എഫ്-ഇന്ത്യ/നോർത്ത് ബാങ്ക് ലാൻഡ്സ്കേപ്പ്/ ഡബ്ല്യു.ഡബ്ല്യു.എഫ്-ഇന്ത്യ, ദിവാകർ ശർമ/ ഡബ്ല്യു.ഡബ്ല്യു.എഫ്-ഇന്ത്യ, ജോസഫ് വട്ടക്കാവൻ/ ഡബ്ല്യു.ഡബ്ല്യു. എഫ്-ഇന്ത്യ.

**രൂപകൽപന:** അനിൽ ചെറുക്കുപള്ളി

**സമാഹരണം/ തിരുത്തൽ:** സ്പീഷീസ് & ലാൻഡ്സ്കേപ്പ് പ്രോഗ്രാം

**പ്രസിദ്ധീകരണം:** മെയ് 2010

**മലയാള പരിഭാഷ:** രഞ്ചൻ മാത്യൂ വർഗ്ഗീസ്/ ഡബ്ല്യു.ഡബ്ല്യു. എഫ്-ഇന്ത്യ കേരള സ്റ്റേറ്റ് ഓഫീസ്


## ഡബ്ല്യു.ഡബ്ല്യു.എഫ്-ന്റെ പ്രവർത്തന മേഖലകൾ




കടുവാ സംരക്ഷണത്തിൽ ഡബ്ല്യു.ഡബ്ല്യു.എഫ്-ഇന്ത്യയുടെ പ്രവർത്തനങ്ങളിൽ താഴെ പറയുന്ന ഭൂപ്രദേശങ്ങളും കടുവാ സങ്കേതങ്ങളും ഉൾപ്പെടുന്നു:

**ഭൂപ്രദേശങ്ങൾ**

1. ടെറായ് ആർക് ലാൻഡ്സ്കേപ്പ് (ഉത്തരാഖണ്ഡ്, ഉത്തർപ്രദേശ്, ബീഹാർ)
2. സത്പുര മൈക്കൽ ലാൻഡ്സ്കേപ്പ് (മധ്യപ്രദേശ്, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര)
3. വെസ്റ്റേൺ ഗാർട്സ് (പശ്ചിമഘട്ടം) - നിൽഗിരീസ് ലാൻഡ്സ്കേപ്പ് (കേരളം, തമിഴ്നാട്, കർണ്ണാടക)
4. സുന്ദർബൻസ് (വെസ്റ്റ് ബംഗാൾ)
5. നോർത്ത് ബാങ്ക് ലാൻഡ്സ്കേപ്പ് (ആസാം, അരുണാചൽപ്രദേശ്)
6. കാശിരംഗ കാർബി ആംഗ്ലോംഗ് ലാൻഡ്സ്കേപ്പ് (ആസാം, മേഘാലയ, നാഗാലാൻഡ്)

**കടുവാ സങ്കേതങ്ങൾ**

7. രൺതംബോർ (രാജസ്ഥാൻ)
8. സിമിലിപാൽ & സത്കോശിയ (ഒറീസ്സ)
9. ബുക്സ (വെസ്റ്റ് ബംഗാൾ)
10. പന്ന (മധ്യപ്രദേശ്)

WWF for a living planet®

# കടുവാസംരക്ഷണം

### വെല്ലുവിളികൾ, പ്രതികരണങ്ങൾ, നിങ്ങൾക്ക് എന്തു ചെയ്യാം




WWF-India
172-B, Lodi Estate
New Delhi - 110003
Tel: +91 011 41504783
www.wwfindia.org


*WWF-India stands for World Wide Fund for Nature - India*

# വെല്ലുവിളികൾ



കണക്കുകൾ പ്രകാരം 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഇന്ത്യൻ കാടുകളിൽ ആയിരക്കണക്കിന് കടുവകൾ ഉണ്ടായിരുന്നു. എന്നാൽ 2008-ലെ ക്യാമറാട്രാപ്പ് ഉപയോഗിച്ചുള്ള കണക്കെടുപ്പിൽ അത് വെറും *1411 - ലേയ്ക്ക് കുറഞ്ഞതായി കാണുന്നു. ഇക്കണക്കിന് പോയാൽ, ഇതിന് എതിരെ നാം ഉണർന്നു പ്രവർത്തിച്ചില്ലെങ്കിൽ, കടുവകളുടെ വംശനാശം അത്ര വിദൂരത്തല്ല. പല വിധത്തിലുള്ള പ്രശ്നങ്ങളാണ് കടുവകളുടെ നിലനിൽപ്പിന് ഭീഷണിയാകുന്നത്:

**ആവാസശോഷണം:** ഭാരതത്തിലെ കടുവകളുടെ നിലനിൽപ്പിന് ദീർഘകാലാടിസ്ഥാനത്തിലുള്ള പ്രധാന ഭീഷണിയാണ് ആവാസ ശോഷണം. വനം തുണ്ടുകളാക്കുക, വനത്തിൽ കൂടിയുള്ള റോഡു നിർമ്മാണം, ഖനനം, വനവിഭവങ്ങളുടെ ചൂഷണം എന്നിവയാണ് ഇതിന് പ്രധാനമായും ചൂണ്ടിക്കാണിക്കുന്ന കാരണങ്ങൾ. കഴിഞ്ഞ കുറച്ചു ദശാബ്ദങ്ങളിലാണ് ഈ മാറ്റങ്ങൾ പ്രാധാനമായും ഉണ്ടായിരിക്കുന്നത്.

**വേട്ടയാടൽ:** ഇന്ന് കടുവകളേയും അവയുടെ ആവാസ വ്യവസ്ഥകളേയും സംരക്ഷിക്കുകയും അതോടൊപ്പം അന്താരാഷ്ട്ര തലത്തിൽ ഇവയെ സംബന്ധിക്കുന്ന എല്ലാവിധ കച്ചവടവും വലിയ കുറ്റകൃത്യമായി കണക്കാക്കുകയും ചെയ്യുന്നു. എന്നാൽ പ്രധാനമായും കടുവത്തോലിനും മറ്റ് ശരീരഭാഗങ്ങൾക്കും ആവശ്യക്കാർ ഉള്ളതിനാൽ വേട്ടയാടൽ ഇപ്പോഴും നടക്കുന്നു. നിയമവിരുദ്ധമായ ഈ അന്താരാഷ്ട്ര വ്യവസായമാണ് ആഗോള തലത്തിൽ കടുവകൾ നേരിടുന്ന ഏറ്റവും പ്രധാന ഭീഷണി.

**മനുഷ്യരുമായുള്ള സംഘർഷം:** കടുവകൾ അവയുടെ സ്വാഭാവിക ആവാസവും ഇരയും നഷ്ടപ്പെടുമ്പോൾ ജനവാസമേഖലകളിലേയ്ക്ക് ഇറങ്ങുകയും അവിടെ സംഘർഷാവസ്ഥ ഉണ്ടാവുകയും ചെയ്യുന്നു. ചിലപ്പോൾ ഇവ കന്നുകാലികളേയും ഭക്ഷണമാക്കാറുണ്ട്. അതിനു പ്രതികാരമായി ഗ്രാമവാസികൾ കടുവകളെ കൊല്ലുന്നു.

*WII & NTCA, ഭാരത സർക്കാർ (2008) നടത്തിയ കണക്കെടുപ്പു പ്രകാരം

# പ്രതികരണങ്ങൾ

1973-ൽ ഭാരത സർക്കാർ ഡബ്ല്യു.ഡബ്ല്യു.എഫ്-ന്റെ പിന്തുണയോടുകൂടി 'പ്രോജക്ട് ടൈഗർ' പദ്ധതി കൊണ്ടുവന്നു. അന്നുമുതൽ കടുവാസംരക്ഷണത്തിൽ ഡബ്ല്യു.ഡബ്ല്യു.എഫ് സർക്കാരിന് എല്ലാവിധ പിന്തുണയും നൽകി വരുന്നു.

കടുവയുടെ ആവാസ സ്ഥലങ്ങളെ പുനരുജ്ജീവിപ്പിക്കുക, സംരക്ഷിക്കുക, ആവശ്യത്തിനുള്ള സ്വാഭാവിക ഇരയുടെ ലഭ്യത ഉറപ്പാക്കുന്നതിലൂടെ കടുവയെ സംരക്ഷിക്കുക തുടങ്ങിയവയാണ് ഡബ്ല്യു.ഡബ്ല്യു.എഫ്-ഇന്ത്യയുടെ ലക്ഷ്യങ്ങൾ. ഭാരതത്തിലെ വനങ്ങളിൽ കടുവയുടെ ദീർഘകാല നിലനിൽപ്പിനായി പ്രധാനമായും ആറ് ഭൂപ്രദേശങ്ങളിൽ (ഇതു കൂടാതെ നിരവധി കടുവാസങ്കേതങ്ങളും ഉണ്ട്) ഡബ്ല്യു.ഡബ്ല്യു.എഫ്-ഇന്ത്യ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു.

ഡബ്ല്യു.ഡബ്ല്യു.എഫ്-ഇന്ത്യയും മറ്റ് പങ്കാളികളും ഒരുമിച്ച് പ്രവർത്തിക്കുന്നത്:

- കടുവകളുടെ ആവാസ വ്യവസ്ഥകളുടേയും അവയുടെ ഇടനാഴികളുടേയും സംരക്ഷണം, പുന:രുദ്ധാരണം, നിരീക്ഷണം അതോടൊപ്പം തന്നെ കടുവ-മനുഷ്യസംഘർഷം കുറയ്ക്കുക.
- പ്രാദേശിക ജനങ്ങൾക്ക് വനേതര ഉപജീവനമാർഗ്ഗങ്ങൾ നൽകുന്നതിലൂടെ കടുവയുടെ ആവാസ വ്യവസ്ഥയ്ക്കുമേലുള്ള മനുഷ്യരുടെ സമ്മർദ്ദം കുറയ്ക്കുക.
- കടുവയുടേയും അവയുടെ ഇരകളായ മറ്റ് മൃഗങ്ങളുടേയും വേട്ടയാടൽ നിയന്ത്രിക്കുന്നതിനുവേണ്ടി വനം-വന്യജീവി വകുപ്പിനേയും മറ്റ് സർക്കാർ സ്ഥാപനങ്ങളേയും ശാക്തീകരിക്കുക.
- കടുവകളേയും അവയുടെ ആവാസ വ്യവസ്ഥയേയും സംരക്ഷിക്കുന്നതിനുവേണ്ടി സംസ്ഥാന-കേന്ദ്ര തലത്തിൽ ഫലപ്രദമായ നയങ്ങൾ കൊണ്ടുവരുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുക.
- കടുവയുടെ സംരക്ഷണത്തിനായി സമൂഹത്തിന്റെ എല്ലാ തലങ്ങളിൽ നിന്നും, രാഷ്ട്രീയപരമായും ഉള്ള പിന്തുണ നേടുക.



# നിങ്ങൾക്ക് എന്തു ചെയ്യാം?

കടുവയുടെ സംരക്ഷണത്തിനായി ഓരോ വ്യക്തിയ്ക്കും ചില കാര്യങ്ങൾ ചെയ്യാം:

**കൂടുതൽ ബോധവാനാകുക:** പുസ്തകങ്ങൾ, വെബ് സൈറ്റുകൾ എന്നിവയിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ വായിക്കുന്നതിൽ നിന്നും, വിദഗ്ധരുടെ സംഭാഷണങ്ങൾ/ സംവാദങ്ങളിൽ പങ്കെടുക്കുന്നതിൽ കൂടിയും, വനം-വന്യജീവി വകുപ്പ്/ സർക്കാരേതര സ്ഥാപനങ്ങൾ തുടങ്ങിയവയുടെ കടുവാ നിരീക്ഷണ-കണക്കെടുപ്പ് പ്രവർത്തനങ്ങളിൽ പങ്കാളികളാകുക വഴിയും കൂടുതൽ അറിവ് നേടാം. ഈ അറിവുകൾ കടുവയുടെ സംരക്ഷണത്തിനായിട്ടുള്ള നിങ്ങളുടെ പ്രവർത്തനങ്ങളെയും ചിന്താഗതിയേയും നയിക്കും.

**പ്രചരണം:** കടുവയും അതിന്റെ ആവാസ വ്യവസ്ഥയും ഭീഷണിയിലാണെന്നും അവയ്ക്ക് നമ്മുടെ സഹായം ആവശ്യമുണ്ടെന്നും മറ്റുള്ളവരെ ബോധവൽക്കരിക്കുക. സ്കൂളുകൾ ഡബ്ല്യു.ഡബ്ല്യു.എഫ്-ഇന്ത്യയുടെ നേച്ചർ ക്ലബ്ബിൽ അംഗത്വമെടുക്കുക വഴി കുട്ടികളിലേയ്ക്ക് ഈ ആശയം എത്തിക്കുവാൻ സാധിക്കും.

**ഉത്തരവാദിത്വമുള്ള വിനോദസഞ്ചാരിയാകുക:** വന്യത ആസ്വാദനത്തിനു വേണ്ടിയുള്ളതാണ്. അല്ലാതെ അതിനെ ശല്യപ്പെടുത്താനോ മലിനമാക്കാനോ പാടില്ല. വനം സന്ദർശിക്കുമ്പോൾ പ്രകൃതിയെ ബഹുമാനത്തോടെ മാത്രം സമീപിക്കുക. വനത്തിനുള്ളിൽ തീ കത്തിക്കരുത്. വനത്തിനുള്ളിലെ റോഡുകളിൽ കൂടി ശ്രദ്ധയോടെ വാഹനം ഓടിക്കുക, അതുവഴി മൃഗങ്ങളുടെ ജീവൻ സംരക്ഷിക്കുക. വനത്തിനുള്ളിലെ താമസത്തിനിടയിൽ ഉണ്ടാകുന്ന ഏതൊരു മാലിന്യവും നിങ്ങളോടൊപ്പം തന്നെ തിരിച്ചു കൊണ്ടുവരിക.

**സന്ദർശനവും പഠനവും:** പ്രാദേശിക ജനവിഭാഗങ്ങളുമായുള്ള ഇടപെടലിലൂടെ വിവിധ സംഘടനകളുടെ പിന്തുണയോടെ അവർ നടത്തുന്ന സംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് മനസ്സിലാക്കാനും പിന്തുണ നൽകാനും പങ്കാളികളാകാനും സാധിക്കും.

**ഭരണകർത്താക്കൾക്കെഴുതുക:** പ്രധാനമന്ത്രി, വനം-പരിസ്ഥിതി മന്ത്രി, കൂടാതെ അതാത് പ്രദേശത്തെ എം.പി., എം.എൽ.എ തുടങ്ങിയ ഭരണകർത്താക്കൾക്ക് കടുവാ സംരക്ഷണപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്തുകൾ അയയ്ക്കുക.

**അനധികൃത വന്യജീവി കച്ചവടം തടയാൻ സഹായിക്കുക:** നിയമവിരുദ്ധമായ വന്യജീവി കച്ചവടത്തെക്കുറിച്ച് TRAFFIC India-യെ (ഡബ്ല്യു.ഡബ്ല്യു.എഫ്-ന്റേയും IUCN-ന്റേയും സംയുക്ത സംരംഭം) അറിയിക്കുക. (ഇ-മെയിൽ: trafficindia@wwfindia.net, വെബ്: www.traffic.org, ടെലിഫോൺ: 011-41504786, ഫാക്സ്: 011-43516200, കേരള വനം-വന്യജീവി വകുപ്പ് (ടോൾഫ്രീ) - 1800 4254733)

**പ്രകൃതി വിഭവങ്ങളുടെ ഉപയോഗം കുറയ്ക്കുക:** പ്രധാനമായും വനവിഭവങ്ങളിൽ നിന്നും ഉല്പാദിപ്പിക്കുന്ന തടി, പേപ്പർ എന്നിവയുടെ ഉപയോഗം കുറയ്ക്കുക, പുന:രുപയോഗിക്കുക, പുനരുല്പാദിപ്പിക്കുക എന്നീ സമീപനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

**പ്രവർത്തനങ്ങളെ പിന്തുണയ്ക്കുക:** ഡബ്ല്യു.ഡബ്ല്യു.എഫ്-ഇന്ത്യയ്ക്കും മറ്റ് പ്രകൃതി സംരക്ഷണ സ്ഥാപനങ്ങൾക്കും സംഭാവനകൾ നൽകുകയും അവരുടെ പ്രവർത്തനങ്ങളിൽ സഹകരിക്കുകയും മറ്റുള്ളവരെക്കൂടി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

**കൂടുതൽ വിവരങ്ങൾക്ക്:**
www.wwfindia.org/tigers, www.projectiger.nic.in.